പകർപ്പുകൂടി ഹാജരാക്കേണ്ടതുമാണ്. ആറ്റിങ്ങൽ ഐ.ടി.ഐ.-യിൽ ഈ അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കാത്തതിനാലാണ് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റുകൾ നൽകാതിരിക്കുന്നത്. ടി എൻ.സി.വി.റ്റി. അംഗീകാര പത്രത്തിന്റെ അഭാവത്തിൽ അംഗീകാരമുള്ള 16 ട്രേഡുകളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഓരോ പ്രതിനിധികൾ അടങ്ങുന്ന സംഘം ഒരിക്കൽക്കൂടി പരിശോധന നടത്തി സ്റ്റാറ്റസ് റിപ്പോർട്ട് അയയ്ക്കണമെന്ന് ന്യൂഡൽഹി ഡി.ജി.ഇ.റ്റി.-യുടെ 19-1-2004-ലെ കത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ രേഖകൾ സമർപ്പിക്കുവാൻ ആറ്റിങ്ങൽ ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്ന 3 ട്രേഡുകളിൽ സർവ്വേയർ, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകൾക്ക് എൻ.സി.വി.റ്റി.-യുടെ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി 21-4-2003-ൽ അഫിലിയേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധന നടത്തുകയും 2003 ആഗസ്റ്റ് മാസം മുതൽ അംഗീകാരം നൽകാൻ ശുപാർശ ചെയ്തിട്ടുമുണ്ട്. ഇത് ഡി.ജി.ഇ.റ്റി.-യുടെ അംഗീകാരത്തിന് അയച്ചുകഴിഞ്ഞു. ശേഷിക്കുന്ന മെക്കാനിക് മെഷ്യൻ ടൂൾ മെയിന്റനൻസ് ട്രേഡിലേയ്ക്ക് ആവശ്യമായ പവർ സപ്ലൈ ഇപ്പോൾ ലഭിച്ചു കഴിഞ്ഞു. ട്രേഡിന്റെ വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുവാൻ 4.25 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകുകയും പണികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തുകഴിഞ്ഞു. 50 ലക്ഷം രൂപയ്ക്കുള്ള സാധന സാമഗ്രികൾകൂടി സംഭരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കയ്യൂർ ഐ.ടി.ഐ.-ക്ക് സ്റ്റാഫ് ക്വാർട്ടേഴ്സ്

79 [1218] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

ഈ പ്രവൃത്തിക്കായി 42 ലക്ഷം രൂപയാണ് വേണ്ടത്. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റിൽ മതിയായ തുക വച്ചിട്ടില്ല. മതിയായ തുക റീഅപ്രോപ്രിയേഷൻ വഴി അനുവദിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരികയാണ്.

ചാത്തന്നൂർ ഐ.ടി.ഐ.-ക്ക് സ്ഥലം അനുവദിക്കുന്നതിന് നടപടി

80 [1219] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-ക്കുവേണ്ടി റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ചാത്തന്നൂർ വഞ്ചിക്കോമിൽസിൽനിന്നും സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly